LIBRARY ARCHIVES Kerala Legislative Assembly

ചേലക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

175 (2455) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശിപാർശ ചെയ്തിരുന്ന ചേലക്കര പഞ്ചായത്തിലെ ആലങ്ങോട്ടുകുന്ന് കുടിവെള്ള പദ്ധതി, പാണാൾ പഞ്ചായത്തിലെ പാറപ്പുറം കുടിവെള്ള പദ്ധതി എന്നിവ നടപ്പിലാക്കുവാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ധനകാര്യ വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ആവശ്യപ്പെട്ടുകൊണ്ട് എന്നാണ് വാട്ടർ അതോറിറ്റിക്ക് അറിയിപ്പുകൾ ലഭിച്ചതെന്നും എന്നാണ് ഭരണാനുമതിക്കുവേണ്ടി എസ്റ്റിമേറ്റ് സമർപ്പിച്ചതെന്നും വിശദമാക്കാമോ ;

(സി) കുടിവെള്ളക്ഷാമം അടിയന്തര പ്രാധാന്യത്തോടെ പരിഹരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള പ്രസ്തുത പദ്ധതികൾ കാലതാമസം ഒഴിവാക്കി നടപടികൾ പൂർത്തിയാക്കുവാൻ കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ-സി) ആലങ്ങോട്ടുകുന്ന് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 2014-15 വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള എം.എൽ.എ.-യുടെ 5-3-2015 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിൽ 24-4-2015-ലെ 7921/സി1/15/ ജവിവ. നമ്പർ കത്ത് മുഖേന ടി പദ്ധതിക്കുള്ള ഡി.ഇ.ആർ. സമർപ്പിക്കാൻ കേരള വാട്ടർ അതോറിറ്റി എം.ഡി.-ക്ക് നിർദ്ദേശം നൽകുകയും ആ വിവരം എം.എൽ.എ.-യെ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് എം.എൽ.എ.-യുടെ 15-5-2015-ലെ കത്ത് മുഖേന ആലങ്ങോട്ടുകുന്ന് കുടിവെള്ള പദ്ധതിയുടെയും പാറപ്പുറം കുടിവെള്ള പദ്ധതിയുടെയും എസ്റ്റിമേറ്റുകൾ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ടെന്നും ടി വകുപ്പിനെ കൊണ്ടുതന്നെ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കണമെന്നും അറിയിക്കുകയുണ്ടായി.പ്രസ്തുത പദ്ധതികൾക്കുള്ള വിശദമായ പദ്ധതി റിപ്പോർട്ടുകൾ കേരള വാട്ടർ അതോറിറ്റി മദ്ധ്യമേഖല ചീഫ് എഞ്ചിനീയർ തയ്യാറാക്കിയത് 17-2-2016 തീയതിയിൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി മുഖേന പ്രസ്തുത പദ്ധതികൾ നടപ്പിലാക്കണമെന്ന് എം.എൽ.എ. ആവശ്യപ്പെട്ടാൽ പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.